# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**

പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 03

## വാർത്താക്കുറിപ്പ്

---

### എം.ജി. സർവകലാശാലയിൽ കർശന സന്ദർശക നിയന്ത്രണം

കോവിഡ് 19 പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നതിന്റെ ഭാഗമായി നിരോധനാജ്ഞ പ്രഖ്യാപിച്ചതിനാൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ സന്ദർശകർക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തി. സർവകലാശാലയിൽ നിന്ന് നേരിട്ട് അറിയിപ്പ് ലഭിച്ചവർക്കും അടിയന്തര ആവശ്യങ്ങൾക്ക് എത്തുന്നവർക്കും മാത്രമേ പ്രവേശനം നൽകൂ. സർവകലാശാലയുടെ ഓൺലൈൻ സേവനങ്ങൾ പ്രയോജനപ്പെടുത്തണം.

ഒറിജിനൽ ഡിഗ്രി, പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ്, ജനുവിനസ് വെരിഫിക്കേഷൻ, ട്രാൻസ്ക്രിപ്റ്റ്, സെമസ്റ്റർവൈസ് ഗ്രേഡ് കാർഡ്, ഇക്വലൻസി, എലിജിബിലിറ്റി, മൈഗ്രേഷൻ, മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ, കോഴ്സ് സർട്ടിഫിക്കറ്റ്, കണ്ടൊണേഷൻ, റീ അഡ്മിഷൻ, ഇന്റർകോളജ് ട്രാൻസ്ഫർ എന്നിവയ്ക്ക് സർവകലാശാല വെബ്സൈറ്റിലെ 'ഓൺലൈൻ ആപ്ലിക്കേഷൻ പോർട്ടൽ', 'ഓൺലൈൻ സർട്ടിഫിക്കറ്റ് പോർട്ടൽ' എന്നീ ലിങ്കുകൾ വഴി ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈനായി ലഭ്യമല്ലാത്ത സേവനങ്ങൾക്ക് generaltapaladmn@mgu.ac.in, tapal1@mgu.ac.in എന്നീ ഇ-മെയിൽ വിലാസത്തിൽ ബന്ധപ്പെടാം. അപേക്ഷകൾ തപാൽ മുഖേന അയച്ചാൽ മതി.

വിവിധ സേവനങ്ങൾക്ക് ഫ്രണ്ട് ഓഫീസിലെ 0481-2733505, 2733516, 2733526, 2733535, 2733550, 2733565, 2733580 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

(പി.ആർ.ഒ/39/946/2020)

### ഔഷധസസ്യ വൈവിധ്യം സംരക്ഷിക്കാൻ എം.ജി.യിൽ ഉദ്യാനമൊരുങ്ങുന്നു

ഔഷധസസ്യ വൈവിധ്യം സംരക്ഷിക്കാനും ഇവയുമായി ബന്ധപ്പെട്ട ഗവേഷണവും വിജ്ഞാനവ്യാപനവും ലക്ഷ്യമിട്ട് മഹാത്മാഗാന്ധി സർവകലാശാല ഔഷധസസ്യോദ്യാനം ഒരുക്കുന്നു. ഉദ്യാനത്തിന്റെ നിർമാണോദ്ഘാടനം ഗാന്ധിജയന്തി ദിനത്തിൽ സർവകലാശാല കാമ്പസിലെ അതിഥി മന്ദിരത്തിനു സമീപം ആശോകമരം നട്ട് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു.

ഔഷധസസ്യങ്ങളുടെ മികച്ച ശേഖരമുള്ള വലിയ ഉദ്യാനം രൂപപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് വൈസ് ചാൻസലർ പറഞ്ഞു. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാരായ എൻ. ശശിധരൻ ഉണ്ണിത്താൻ, രമേശ് നാരായണൻ, ഹെർബൽ ഗാർഡൻ സൂപ്പർവൈസർ സി.എസ്. ജയപ്രകാശൻ, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പങ്കെടുത്തു. സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ സഹകരണത്തോടെ അരയേക്കറിലധികം സ്ഥലത്താണ് ഔഷധസസ്യ ഉദ്യാനം ഒരുക്കുന്നത്.

**ചിത്രം കാപ്ഷൻ**

**മഹാത്മാഗാന്ധി സർവകലാശാലയിലെ ഔഷധ സസ്യ ഉദ്യാനത്തിന്റെ നിർമാണോദ്ഘാടനം അശോകമരം നട്ട് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ സമീപം.**

(പി.ആർ.ഒ/39/947/2020)

## എം.ജി.യിൽ ഗാന്ധിജയന്തി ആഘോഷം

മഹാത്മാഗാന്ധിയുടെ ജന്മദിനാഘോഷം മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ എന്നിവർ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി. കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പ് നിർദേശങ്ങൾ കർശനമായി പാലിച്ചായിരുന്നു പരിപാടി.

## ചിത്രം കാപ്ഷൻ

**ഗാന്ധി ജയന്തി ദിനാഘോഷത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിലെ ഗാന്ധി പ്രതിമയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പുഷ്പാർച്ചന നടത്തുന്നു.**

(പി.ആർ.ഒ/39/948/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ